

# ഇരട്ട കുഞ്ഞുങ്ങളും ശാസ്ത്രീയ പ്രത്യേകതകളും


ഡോ. ആർ. അനുപമ
ഡയറക്ടർ & ചീഫ് കൺസൾട്ടന്റ്, പ്രാൺ ഫെർട്ടിലിറ്റി & വെൽ വുമൺ സെന്റർ, കുമാരപുരം, തിരുവനന്തപുരം

പ്രശസ്ത വന്ധ്യതാ ചികിത്സ വിദഗ്ദ്ധ. തിരുവനന്തപുരം 'പ്രാൺ ഫെർട്ടിലിറ്റി ആന്റ് വെൽ വുമൺ സെന്ററി'ന്റെ ഡയറക്ടറും ചീഫ് ഗൈനക്കോളജിസ്റ്റുമാണ്. ഐ.എം.എ വനിതാ ഹെൽത്തിന്റെ സംസ്ഥാന കൺവീനർ, ഐ.എം.എ വനിതാ വിഭാഗം മുൻ സംസ്ഥാന ചെയർപേഴ്സൺ, ഇന്ത്യൻ സൊസൈറ്റി ഓഫ് അസിസ്റ്റഡ് റീപ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മെമ്പർ. 'വന്ധ്യതയും ചികിത്സയും' എന്ന മലയാളത്തിലെ ആദ്യ പുസ്തകത്തിന്റെ ഗ്രന്ഥകർത്തി. സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ മാത്രം നടത്തുന്ന തിരുവനന്തപുരത്തെ പ്രാൺ ഹോസ്പിറ്റലിന്റെ സാരഥി.

Mob: 9495957953
Tel: 0471 2447953
drranupama@gmail.com


ഒരു പ്രസവത്തിലൂടെ ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങളുടെ അമ്മയാകാൻ കഴിയുക എന്ന് പറയുന്നത് ഒരു സുകൃതം തന്നെയാണ്. ഇന്ന് പല ദമ്പതികളും ഈ ആഗ്രവുമായി ഗൈനക്കോളജിസ്റ്റുകളെ സമീപിക്കാറുണ്ട്. പക്ഷേ അതിനുമുമ്പായി ഇരട്ട ഗർഭത്തെ കുറിച്ചും, അവരുടെ സങ്കീർണ്ണതകളെ കുറിച്ചും ജനങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

## ഇരട്ടഗർഭം എന്നാൽ എന്താണ്?

സാധാരണയായി സ്ത്രീക്ക് അണ്ഡവിസർജന സമയത്ത് മാസത്തിൽ ഒരു അണ്ഡമേ പുറത്ത് വരുകയുള്ളൂ. ചുരുക്കം ചില സാഹചര്യങ്ങളിൽ മൂന്നും നാലും അണ്ഡങ്ങൾ വരാൻ സാധ്യതയുണ്ട്. ഇങ്ങനെ ഒന്നിൽ കൂടുതൽ അണ്ഡങ്ങൾ വരുമ്പോൾ, ഇവയുമായി പുരുഷ ബീജങ്ങൾ യോജിച്ച്, ബീജസങ്കലനം (fertilization) നടന്ന് കഴിയുമ്പോൾ ഇരട്ടയോ, അതിൽ കൂടുതൽ ഭ്രൂണങ്ങൾ ജനി



ക്കാൻ സാധ്യതയുണ്ട്. ഇത്തരം ഇരട്ടകൾ (DCDA Twins) കാഴ്ചയിൽ മിക്കവാറും വ്യത്യസ്തമായിരിക്കും. ഇങ്ങനെയാണ് സാധാരണ നാം കാണുന്ന ഇരട്ടഗർഭങ്ങൾ ഉണ്ടാകുന്നത്.

ഇന്ന് നമ്മുടെ സമൂഹത്തിൽ വന്ധ്യതയേറി വരുകയാണ്. അതോടൊപ്പം വന്ധ്യതയുള്ള പലതരത്തിലുള്ള ഹോർമോൺ ചികിത്സയും, ഐ.വി.എഫ് ചികിത്സാരീതികളും മറ്റും. സ്ത്രീക്ക് ഹോർമോൺ മരുന്നുകൾ നൽകുമ്പോൾ കൂടുതൽ അണ്ഡങ്ങൾ വളരാനുള്ള സാധ്യതയേറെയാണ്. അതുപോലെ ഐ.വി.എഫ് ചികിത്സയിലും ഒന്നിൽ കൂടുതൽ ഭ്രൂണങ്ങൾ ഗർഭാശയത്തിൽ നിക്ഷേപിക്കുന്നത് അനവധി ഗർഭങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂട്ടുന്നു. ചിലരിൽ പാരമ്പര്യമായിട്ടും ഇരട്ടഗർഭത്തിനും സാധ്യത കാണുന്നു.



## എങ്ങനെയാണിത് സംഭവിക്കുന്നത്

**ബീ**ജസങ്കലനത്തിന് ശേഷം ഭ്രൂണം ഉടനെ വേർപെട്ട് (5 ദിവസം) രണ്ടായാൽ രണ്ട് വ്യത്യസ്ത മറുപിള്ളയ്ക്കും (Placenta) അറകൾക്കും ഉള്ളിൽ കുഞ്ഞുങ്ങൾ വളരാനിടയുണ്ട് (dichorionic diammotic twins) ഇതിൽ തന്നെ ഭ്രൂണം 3-8 ദിവസത്തിന് ശേഷമാണ് വിഭജിക്കുന്നതെങ്കിൽ, ഇവയ്ക്ക് രക്തക്കുഴലും, മറുപിള്ളയും ഒന്നായിരിക്കുന്ന അവസ്ഥയാണ് (Monochorionic diamniotic twins) 8-13 ദിവസത്തിനു ഉള്ളിലാണെങ്കിൽ (Monochorionic Monoamutic) ഇവ ഒന്നിച്ച് കിടന്ന് പൊക്കിൾകൊടി ചുറ്റി മരണം സംഭവിക്കാൻ സാധ്യതയേറെയാണ്.

13 ദിവസത്തിന് ശേഷമാണെങ്കിൽ, അവ ഒട്ടിയിരുന്ന് സയാമീസ് ഇരട്ടകൾക്ക് (Conjoint Twins) ഇടയാക്കുന്നു. മേൽ വിവരിച്ച ഇരട്ടകളാണ് ഒരേ ലിംഗത്തിൽ ഒരേ പോലെയുള്ള കുഞ്ഞുങ്ങളാകാൻ സാധ്യതയുള്ളത്.



## പ്രശ്നങ്ങൾ എന്തെല്ലാമാണ്?

**ഇ**രട്ട കുട്ടികളാണെങ്കിൽ എല്ലാ ഗർഭകാല പ്രശ്നങ്ങളും കൂടുതലായിരിക്കും. ഉദാഹരണത്തിന്, ആദ്യമാസങ്ങളിലെ ഛർദ്ദി, ഓർക്കാനം, ക്ഷീണം, തലചുറ്റൽ ഇവ കൂടുതലായിരിക്കും. ചെറിയ രക്തസ്രാവം മുതൽ ഗർഭഛിദ്രത്തിനുള്ള സാധ്യതയെറെയാണ്. ചിലപ്പോൾ മൂന്ന് മാസം തികയുമ്പോഴേക്കും ഇരട്ടകളിൽ ഒന്നിനെ കാണാൻ കഴിയാതാവും (Vanishing twin syndrome).

കൂടാതെ 4-5 മാസത്തിനിടയ്ക്ക് ഗർഭാശയം തുറന്ന് പോയി ഗർഭഛിദ്രത്തിനുള്ള സാധ്യതയും ഏറെയാണ് (Cervical incompetance). ഗർഭകാല വളർച്ച, തൂക്കം ഇവ കുറയാനും, പ്രമേഹം, രക്തസമ്മർദ്ദം, മറുപിള്ള വേർപെടൽ (abruption) എന്നീ ഗർഭകാലരോഗങ്ങൾക്കുള്ള സാധ്യതയേറെയാണ്. കൂടാതെ, MCMA twins (ഒരേ അറയിൽ ജനിക്കുന്ന ഇരട്ട

കൾ) ഇവയ്ക്ക് രക്തയോട്ട വും, പൊക്കിൾ കൊടിയെ യും ബാധിച്ചിട്ട് ഗർഭാശയ ത്തിൽ തന്നെ വച്ച് ചാപിള്ള (Intracterine death of foetus) യ്ക്കുള്ള സാധ്യതയേറെ യാണ്. സങ്കീർണ്ണ പ്രശ്നങ്ങ ളായ twin-twin transfusion syndrome, cord entanglement, TRAP ഇവയ്ക്കുള്ള സാധ്യ തയും ഏറെയാണ്.

മാസം തികയാതെ പ്രസവിക്കുകയെന്നതാണ് സർവസാധാരണ പ്രശ്നം. കൂടാതെ പ്രസവസമയത്ത്, അമിത രക്തസ്രാവത്തി നുള്ള സാധ്യതയും ഉണ്ട്. അമ്മമാർ പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം, വിളർച്ച ഇവ വരാതെ സൂക്ഷിക്കുന്നത് നല്ലതായിരി ക്കും. സിസേറിയൻ ശസ്ത്ര ക്രിയയും ഇവരിൽ കൂടുത ലായിരിക്കും.



## ഗർഭകാലത്ത് എന്തൊക്കെ ശ്രദ്ധിക്കണം

ആദ്യ മാസത്തിൽ തന്നെ സ്കാൻ (ultrasound) ചെയ്ത് ഗർഭത്തിന്റെ എണ്ണം, ഘടന, അവസ്ഥ ഇവ നിജപ്പെടുത്ത ണം. എല്ലാ മാസവും സ്കാൻ ചെയ്ത് കുഞ്ഞുങ്ങ ളുടെ വളർച്ച കൃത്യമായി നോക്കണം.

ഗർഭിണി ഏകദേശം 600 കാലറി ദിവസവും അധികം കഴിച്ചിരിക്കണം. ധാരാളം വെള്ളം കുടിക്കുകയും, ഇലക്കറികൾ, പയർ വർഗ്ഗ ങ്ങൾ, കഴിക്കുന്നത് വിളർച്ച തടയാൻ സഹായിക്കും. പ്രമേഹവും, രക്തസ മ്മർദ്ദവും നിയന്ത്രണാതീത മായിരിക്കണം.



അനാവശ്യ ഗർഭഛിദ്രം ഒഴിവാക്കാനായി ഗർഭാശയ ഗളത്തിൽ തുന്നൽ ഇടുന്നത് (cervical cerclage) നല്ലതാണ്. മൂത്രം ചുടിച്ചിൽ, പൂപ്പൽ ബാധ പോലെയുള്ള അണു ബാധകൾ വന്നാൽ മാസം തികയാതെ പ്രസവിക്കാൻ സാധ്യതയേറെയാണ്. അത്യാവശ്യം വിശ്രമവും, ഉറക്കവും ഗർഭിണിക്ക് നല്ലതാണ്.

കുഞ്ഞുങ്ങളുടെ ശ്വാസ കോശത്തിന്റെ വളർച്ച യ്ക്കായി സ്റ്റിറോയിഡ് കുത്തിവെയ്പ്പ് എടുക്കുന്നത് നല്ലതാണ്. 7 മാസത്തിന് ശേഷം മാസത്തിലൊരിക്കൽ സ്കാനിങ്ങിലൂടെ കുഞ്ഞു ങ്ങളുടെ രക്തയോട്ട പരിശോധന നല്ലതാണ്. മറ്റ് സങ്കീർണതകൾ ഇല്ലെങ്കിൽ സുഖപ്രസവം സാധ്യമാണ്.

ഇരട്ട കുട്ടികളുടെ മാതാപിതാക്കളാവുക എന്നത് ഒരു ഭാഗ്യവും, അതേസമയം സങ്കീർണവു മായ ഒരു സ്ഥിതിവിശേ ഷമാണ്. ■